1996-97	1997-98	1998-1999
534.42	668.61	858.80
121.76	130.40	135.48
89.33	102.92	146.39

(സി) സംസ്ഥാന പദ്ധതി ചെലവുകൾ താഴെ ചേർക്കുന്നു.

വർഷം	അംഗീകരിച്ച തുക (തുക കോടിയിൽ)	ചെലവഴിച്ച തുക
1996-97	2200.00	2179.68
1997-98	2698.66	3210.71
1998-99	3039.09	3147.41 (താത്കാലികം)
1999-2000	3250.00	കണക്കുകൾ ലഭിച്ചിട്ടില്ല.

45 (358) കെ.എസ്.എഫ്.ഇ.യുടെ ശാഖകൾ

<u>ശ്രീ. സി. മോയിൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ലിമിറ്റഡിന് സംസ്ഥാനത്ത് എത്ര ശാഖകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ശാഖകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(സി) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം എത്ര പുതിയ ശാഖകൾ ആരംഭിച്ചു;

(ഡി) കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ചേളന്നൂർ പഞ്ചായത്തിൽ കെ.എസ്.എഫ്.ഇ. ശാഖ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) എന്നത്തേയ്ക്ക് ഇത് അനുവദിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 204 ശാഖകൾ ഉണ്ട്.

(ബി) ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്ന് ലഭിക്കുന്ന നിവേദനങ്ങൾ പരിഗണിച്ച് ശാഖകൾ ലാഭകരമായി നടത്തുവാൻ സാധിക്കുമോ എന്ന് പരിശോധിച്ച് കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടർമാരുടെയും, സർക്കാരിന്റെയും അനുമതിയോടെയാണ് പുതിയശാഖകൾ ആരംഭിക്കുന്നത്.

(സി) 35 പുതിയ ശാഖകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ)&(എഫ്) ശാഖ ലാഭകരമായി നടത്താൻ സാധിക്കുമെന്നതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly